ഫോറസ്റ്റ്ഹെഡ്ക്വാർട്ടേഴ്സ്
തിരുവനന്തപുരം
തീയതി. 23.2.2000

**<u>സർക്കുലർ നം. 5/2000</u>**

വിഷയം: – ഹൈക്കോടതിയിലുള്ള കേസുകൾ നടത്തുന്നതിന് അഡ്വക്കേറ്റ് ജനറൽ ആവശ്യപ്പെടുന്ന വിവരങ്ങൾ ലഭ്യമാക്കുന്നതു സംബന്ധിച്ചു.

വനം വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ വാദിയായും പ്രതിയായും നിരവധി കേസുകൾ ബഹു: ഹൈക്കോടതിയിൽ നടന്നുവരുന്നുണ്ട്. കേസ്സുകൾ കോടതിയുടെ പരിഗണനയ്ക്ക് വരുമ്പോൾ സർക്കാർ ഭാഗത്തുനിന്നും കോടതി മുൻപാകെ ബോദ്ധ്യപ്പെടുത്തുന്നതിനാവശ്യമായ വിവരങ്ങൽ അഡ്വക്കേറ്റ് ജനറലിന് ലഭ്യമാക്കുന്ന കാര്യത്തിൽ വനം വകുപ്പിലെ ചില ആഫീസർമാർ വീഴ്ച വരുത്തുന്നതായി അഡ്വക്കേറ്റ് ജനറലിന്റ് ശ്രദ്ധയിൽപ്പെടുത്തിയിരിക്കുന്നു. ടെലി പ്രിന്റർ മെസേജിലൂടെയും, ടെലഫോണിലൂടെയും നേരിട്ട് ആവശ്യപ്പെട്ടിട്ടും ഡിവിഷണൽ ഫോറസ്റ്റ് ആഫീസർമാർ ഹാജരാകാതിരുന്നതായും, റെയിഞ്ച് ആഫീസർ ഹാജരാകുമെന്ന് അറിയിച്ചിട്ട് പകരം ഫോറസ്റ്ററെ ഫയലുമായി അയച്ചതായും അന്വോഷണത്തിൽ ബന്ധപ്പെട്ട ആഫീസർ മാർ ഫീൽഡ് പരിശോധനയ്ക്ക് പോയിരുന്നതായും അഡ്വക്കേറ്റ് ജനറൽ ചൂണ്ടികാണിച്ചിരിക്കുന്നു.

ഇത്തരത്തിലുള്ള നിരുത്തരവാദപരമായ നടപടികൾ ഉത്തരവാദപ്പെട്ട ആഫീസർമാരുമായി ചർച്ച ചെയ്ത് കൗണ്ടറുകൾ സമയബന്ധിതമായി തയ്യാറാക്കി കോടതിയിൽ സമർപ്പിക്കുന്നതിൽ വീഴ്ചയ്ക്ക് കാരണമാകുന്നതായും അത് കോടതിയുടെ അപ്രീതിക്ക് ഇടയാകുന്നതായും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ബഹു: കോടതി അനുവദിക്കുന്ന സമയപരിധിക്കുള്ളിൽ കൗണ്ടർ ഹാജരാകാൻ കഴിയാതെ വീഴ്ച വരുന്നതിനാൽ അവധി അനുവദിക്കാൻ കോടതികൾ വിസമ്മതിക്കുന്നതായും അഡ്വ:ജനറൽ അറിയിച്ചിട്ടുണ്ട് . കേസ്സ് പരിഗണനയ്ക്ക് വരുമ്പോൾ സർക്കാർ ഭാഗത്തുനിന്നും ഉന്നയിക്കേണ്ട കാര്യങ്ങൽ ബഹുമാനപ്പെട്ട കോടതിയെ ബോധ്യപ്പെടുത്തുവാൻ കഴിയുന്നില്ലെങ്കിൽ കോടതി തീരുമാനം സർക്കാരിനെതിരാകാൻ ഇടയുണ്ട്. അതുകൊണ്ട് അഡ്വ: ജനറൽ ആഫീസിൽ കേസ്സുകളുമായി ബന്ധപ്പെട്ട എന്നാണെന്ന് വിവരം ലഭിച്ചാൽ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ആഫീസർമാർ നേരിട്ട് ഹാജരാകേണ്ടതാണ്. തക്കതായ കാരണമുണ്ടങ്കിൽ ആ വിവരം അഡ്വ: ജനറലിനെ മുൻകൂട്ടി അറിയിക്കേണ്ടതും പകരം റെയിഞ്ചാഫീസറുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതുമാണ്.

ഈ കാര്യത്തിൽ മേലിൽ പരാതിക്കിടം നല്കിയാൽ അതിനുത്തരവാദി കളായവരുടെ പേരിൽ നിയമാനുസൃതം സ്വീകരിക്കുന്നതായിരിക്കുമെന്നുള്ള വിവരം ബന്ധപ്പെട്ട എല്ലാവരെയും അറിയിച്ചു കൊള്ളുന്നു.

പ്രിൻ. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ജി)

<u>മേലെഴുത്ത് നംബർ സി4–509/2000 തീയതി, 23.2.2000</u>

പകർപ്പ്: എല്ലാ ഫോറസ്റ്റ് കൺസർവേറ്റർമാർക്കും ഫീൽഡ് ഡയറക്ടർക്കും.
പകർപ്പ്: എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർമാർക്കും വൈൽഡ് ലൈഫ് വാർഡൻമാർക്കും.
ചീഫ്ഫോറസ്റ്റ് കൺസർവേറ്റർ, വിജിലൻസ്/സോഷ്യൽ ഫോറസ്ട്രി/ വൈൽഡ് ലൈഫ്/ വികസനം)